
ISSUE2307



# MAAK BOOK

Real Stories at your Fingertips


**08** Timely Intervention & Support
*How Marianites@UAE demonstrated the true meaning of family*

**12** Celebrating 20 Years of Graduation
*When BCom 2000 - 03 batch gathered at Marian to Reunite and Reconnect*

# *Table of* CONTENTS


**03** Welcome
Editorial & President's Message

**06** An Evening of Inspiration & Networking
MBF Leadership Summit 2023

**08** Timely Intervention & Support
Alumni Welfare

**09** Glimpses from the Re-union
BCom A 2018 - 21 (Wisterians)

**10** Building Dreams Together
Alumni Welfare

**11** Alumni-Student Interaction
Fen Jacob & Asish Philip

**12** Celebrating 20 Years of Graduation
BCom 2000 - 03

**16** Achievement
Ananthakrishnan Prezadu

**17** Key Insights from K Thomas, WHO
Continued from June Edition

**20** Marian Chronicles
Bijesh Joseph & Sojy J Panoor

**27** A Journey Through Colours
Personal Story - Parvathy Chandran

**28** Birthday Bash
Marianites@Cochin

**29** Forever in Our Hearts
A Tribute to Sijo Jacob



Aksa Ann Thomas
Chief Editor - MAAK BOOK

# Editorial

Greetings to all Marianites and we are here with 7th edition of MAAK BOOK.

You'll find that this edition is all about reunions, nostalgia, and coming together as a family. Our newsletter has been growing rapidly and this is our thickest MAAK BOOK yet, filled with rich and vibrant stories. In our 5th edition we started a series called 'Marian Chronicles', we read memoirs of Roy Achan and now we have two of our alumni from the second batch sharing their Kuttikkanam stories.

To add to the nostalgia, read the well-written report of the reunion of BCom 2000 - 03 classmates in the campus. We have glimpses from the reunion of BCom class of 2018 - 21 in the campus as well. It's always wonderful to see alumni coming back to college to relive their shared memories.

Every month we report events of alumni & student interaction, this edition also we have 3 of our alumni who spent time with the students.

Our commitment towards the welfare of fellow alumni is evident in the support received for house construction and helping a fellow alumni in need. This is a testament of values that we are carrying with us as a family.

I am honored to be the chief editor of this publication and I would like to introduce you to our talented and dedicated editorial team. They are Jyothi Jose, Sherin Susan Mathew, Grigary Mathew and Merril Mathew. They are alumni from different batches of our college, who bridge the gap between batches and reach out to as many alumni as possible. We have been working tirelessly to bring you this content-rich edition. Our efforts will only be fruitful when it reaches each Marianite.

I hope you enjoy reading it and feel free to share your feedback and suggestions with us.

Real Stories at you fingertips.



Adv. Nelson Joseph
President - MAAK

# President's message

മരിയൻ അലുംനി അസോസിയേഷനെ സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ നടന്ന ഒരു മാസമായിരുന്നു ജൂലൈ.

**MBF ഇൻസ്റ്റലേഷൻ** - മരിയൻ അലുംനി അസോസിയേഷനു മാത്രം അവകാശപ്പെടാൻ പറ്റുന്ന ഒരു കാര്യം ആണ് മരിയനൈറ്റ്സ് ബിസിനസ് ഫോറം. അതിന്റെ ഗംഭീര ഇൻസ്റ്റലേഷൻ പരിപാടി തന്നെ മാതൃകാപരം ആയിരുന്നു. ഉദ്ഘാടനം നടത്തിയ ജോതിസ് മോഹൻ IRS പറഞ്ഞത് അദ്ദേഹത്തിന്റെ കോളേജിൽ അലുംനി അസോസിയേഷനിലും മറ്റു സ്ഥലങ്ങളിലും ഇതു പോലെ ഒരു ഫോറത്തെ കുറിച്ച് പറയും എന്നാണ്. MBF നെ ഇത്രയും മികച്ചതാക്കിയ ഇതിന്റെ ആദ്യ അധ്യക്ഷ രേഷ്മക്കും ടീമിനും എല്ലാ അഭിനന്ദനങ്ങളും നേരുന്നു. പുതുതായി ചാർജ് എടുത്ത ഫെബിനും ടീമിനും എല്ലാ ആശംസകളും നേരുന്നു.

**കൊച്ചു കൊച്ചു കൂടിച്ചേരലുകൾ** - പലരും ചോദിച്ചു തുടങ്ങി ഇനി എന്നാണ് നമ്മുടെ വലിയ ഒരു അലുംനി മീറ്റിംഗ് എന്ന്. അടുത്ത വലിയ മീറ്റിംഗിന് മുൻപായി നമ്മുടെ ചാപ്റ്ററുകളും ബാച്ച് യൂണിറ്റികളും എല്ലാം ശക്തമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. നമ്മുടെ കൊച്ചു കൊച്ചു കൂടി ചേരലുകൾ നമ്മുടെ ബന്ധങ്ങൾ ദൃഢമാക്കുന്നതിനും അലുംനി ശക്തമാക്കുന്നതിനും ഒക്കെ സഹായിക്കുന്നുണ്ട്. ഈ മാസം തന്നെ അഞ്ചു മീറ്റിംഗുകകൾ ആണ് നടന്നത് അത്തരത്തിൽ. MBF ഇൻസ്റ്റല്ലേഷൻ കൂടാതെ, കൊച്ചിൻ ചാപ്റ്റർ ബർത്ത്ഡേ മീറ്റിംഗ്, ബാംഗ്ലൂരിൽ വെച്ച് ആദ്യ BBA ബാച്ച് മീറ്റിംഗ്, 2018-2021 ബി. കോം ബാച്ച് മീറ്റിംഗ്. ഇതു കൂടാതെ 2000-03 ബി. കോം ബാച്ചിന്റെ 20 year സ്പെഷ്യൽ മീറ്റിങ്ങും കോളേജിൽ നടന്നു. ഇങ്ങനെ ചെറുതും വലുതുമായ ധാരാളം മീറ്റിംഗുകൾ ഉണ്ടാകട്ടെ എന്നാഗ്രഹിക്കുന്നു. അവയെല്ലാം അലുംനി അസോസിയേഷൻ ഗ്രൂപ്പുകളിൽ അപ്ഡേറ്റ് ചെയ്താൽ റെക്കോർഡ് ആവശ്യങ്ങൾക്ക് ഉപകരിക്കും.

**സാമൂഹ്യ പ്രതിബദ്ധത** - നമ്മുടെ സോഷ്യൽ സർവീസ് ഏരിയ അഭിമാനകരമായ പ്രവർത്തനങ്ങൾ ആണ് നടത്തുന്നത്. ദുബായിലുള്ള നമ്മുടെ ഒരു അംഗത്തിന്റെ ഭർത്താവ് ചൈനയിൽ വെച്ച് മരണപ്പെട്ടപ്പോൾ ആ കുടുംബത്തിന് മാനസികമായും, സാമ്പത്തികമായും സാന്നിധ്യം കൊണ്ടും എല്ലാം താങ്ങും തണലുമായ UAE ചാപ്റ്ററിനു ഒരു ബിഗ് സല്യൂട്ട്. ചെറുതും വലുതുമായ ഒരുപാട് കാര്യങ്ങൾ നമ്മുടെ പല ബാച്ചസും ചെയ്യുന്നതായി കാണുന്നുണ്ട്. എല്ലാം അസോസിയേഷനിൽ അറിയിച്ചാൽ അതിനെ കൂടുതൽ സഹായിക്കാനും മറ്റുള്ളവർക്കും കൂടി പ്രചോദനം ആകുവാനും സഹായിക്കും.

**വീട് നിർമാണം** - വളരെ അർഹതപ്പെട്ട ഒരു സുഹൃത്തിനായി ഒരു വീട് വെച്ച് നൽകുന്ന പ്രൊജക്റ്റ് ആണ് നമ്മുടെ സോഷ്യൽ സർവീസ് ഏരിയ ഇപ്പോൾ നടത്തുന്നത്. വളരെ വലിയ പ്രതികരണം അണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. അതിന്റെ ഒരു ഫൈനൽ സ്റ്റേജിൽ ആണ് ഇപ്പോൾ നമ്മൾ.

"You only have what you give. It's by spending yourself that you become rich"- Isabel Allende.

കേരളം കണ്ട ഏറ്റവും ജനകീയനായ നേതാവ് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അന്തരിച്ച മാസം കൂടി ആയിരുന്നു ജൂലൈ. മുകളിൽ പറഞ്ഞ വാചകം എത്ര ശരി

ആണെന്ന് കാണിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ശരീരവും വഹിച്ചുള്ള വിലാപയാത്ര. താൻ സമ്പാദിച്ചതൊന്നും അല്ല, മറ്റുള്ളവർക്ക് കൊടുക്കുന്നതാണ് നമ്മുടെ സമ്പാദ്യം എന്ന് അദ്ദേഹം മനസിലാക്കി തന്നു. അത് എന്തും ആവാം. നമ്മുടെ സമയമോ, നല്ല ഒരു വാക്കോ, സാമ്പത്തികമായോ എന്തും.

"If you can't feed hundred people, just feed one"- Mother Teresa

നമുക്ക് പ്രധാനം പത്തു ലക്ഷം collect ചെയ്യുക എന്നതിൽ ഉപരി മാക്സിമം ആളുകൾ സഹകരിക്കുക എന്നുള്ളതാണ്. പലതുള്ളി പെരുവെള്ളം എന്നാണല്ലോ. എത്ര ചെറിയ തുക ആണെങ്കിലും അത് ഒരു വലിയ സന്ദേശം ആണ്. ഇനിയും ഇതിൽ പങ്കാളികൾ ആകാത്തവർ പറ്റുന്ന പോലെ ചെയ്യും എന്ന് പ്രതീക്ഷിക്കുന്നു.


ചാപ്റ്റർ ഫോം ചെയ്തു ഒരു മാസത്തിനുള്ളിൽ തന്നെ ഈ പ്രോജെക്ടിൽ ഏറ്റവും അധികം contribute ചെയ്ത നോർത്ത് അമേരിക്ക ചാപ്റ്ററിനെ പ്രത്യേകം അഭിനന്ദിക്കുന്നു. മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.  അതുപോലെ കൃത്യമായി സോഷ്യൽ സർവീസ് ഏരിയ കൊണ്ടുപോകുന്ന മോൻസിക്കും ടീമിനും അഭിനന്ദനങ്ങൾ.

അസോസിയേഷൻ പ്രവർത്തങ്ങളെ സംബന്ധിച്ച് നിർദേശങ്ങളും സഹകരണവും എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുന്നു.

എല്ലാവർക്കും അഡ്വാൻസ് ആയി ഓണത്തിന്റെ ആശംസകൾ നേരുന്നു.

സ്നേഹത്തോടെ

അഡ്വ. നെൽസൺ ജോസഫ്






# An Evening of Inspiration & Networking

*08 July 2023*

It was a proud moment for MBF to have the second term of leadership taking charge at the MBF Leadership Summit.

With 45 business owners and professionals attending the event at Sidra Pristine, Kaloor, Kochi, it was a pleasant evening to cherish.

The MBF Leadership Summit was inaugurated by Mr Jyothis Mohan IRS, Joint Commissioner of Income Tax department, Kochi.

He shared his inspiring story to become what he is today. He also reminded about living and cherishing every moment we live and to complete our bucket list when we have enough health and mental strength.

The event was gracious with the presence of our alumni Mr Ebbin Jose, a leading food & travel vlogger and Ms Asha M Thomas, fashion designer, costume designer and member of World Designers Forum who enlightened everyone with the way they love what they do and how making their passion into business can impact your life.

The Leadership Summit also gave the platform to all the participants to introduce their business and profession. This have created many possibilities for collaborations amongst the Marianites. It was then followed by a Gala dinner.

















*Glimpses from a great evening of learning and connecting. We had the privilege of hearing from Asha M Thomas (BBA 1996 - 99) and Ebbin Jose (BBA 1995 - 98), who shared their insights and tips on career development and personal branding. The participants also got a chance to introduce themselves and network with each other over dinner. Thank you once again to everyone who joined us and made this event a success!*

*Febin Dominic, Director - MBF (Marianites' Business Forum)*



# Timely Intervention & Support

*The MAAK UAE chapter demonstrated remarkable compassion and solidarity when one of our alumni in Abu Dhabi tragically lost her husband in a foreign land. During these difficult times, our alumni came together as a close-knit family to offer unwavering emotional support.*

In a heartwarming display of unity, the alumni community stepped up and provided flight tickets for her and her dependants, enabling them to travel back to India. This gesture of solidarity was deeply appreciated by the bereaved family and the entire alumni community.

As Marian Alumni, we exemplify the true meaning of family, standing by each other in times of need. Together, we create a network of support that extends beyond borders, bringing comfort and strength to those facing challenging circumstances.

Together, we make a difference, not just as alumni but as a caring and united family. Thank you for being part of this extraordinary journey.









The air was filled with nostalgia, laughter, and excitement as we, **Wisterians** prepared to come together once again to celebrate the journey that had shaped our lives. It had been 2 years since we bid adieu to our beloved alma mater, but the memories of those golden days remained etched in our hearts. For many of us, college was the place where we embarked on our journey into the world. Those three years were not just about textbooks and lectures; they were about forming bonds that would last a lifetime, discovering our passion, and honing the skills that would shape our future careers. As we gathered for the reunion, the first step was to stroll down memory lane. With hearts brimming with nostalgia, we reminisced about the carefree days of college life. The endless cups of coffee at the canteen, burning the midnight oil during exam time, those spirited debates in the classroom, and the joyous celebrations of fests - all carved in the corners of our hearts.

# Building Dreams Together

Marianites have demonstrated their loyalty & generosity by actively participating in the house construction fund raising campaign for one of our alumni.

A total of ₹7.3 Lakhs has been raised till date, of which an amount of ₹3 Lakhs was handed over to the beneficiary on 03 August 2023.



*We launched a ₹1000 challenge among the alumni on 03 August. We invite you to participate in this challenge and be a part of this humanitarian initiative. We hope to achieve the final goal (₹10 Lakhs) soon.*

*Bank: South Indian Bank*
*Name: Marian Alumni Association Kuttikkanam*
*Account #: 0144073000000330*
*IFSC: SIBL0000144*

*Scan to Pay with UPI*



# Changing prospects of Tourism in Kerala

*Fen Jacob Kadampuzha (MMH 2003 - 05)*

On 31 July 2023, He visited the campus and inaugurated the activities of MAHAT (Marian Association of Hospitality And Tourism) for the year 2023 - 24.

He discussed the latest developments in the tourism and hospitality sector with the MMH students.

Fen is the Founder and Curator at Bodhi Tree India, Tailor Made holidays.

# Asish Philip Inaugurates MMA 2023-24

*Asish Philip (BBA 2002 - 05)*

On 04 August 2023, Asish Philip, an esteemed alumnus of Marian College, graced the occasion by inaugurating the activities of the Marian Management Association for the year 2023-24.

He is currently the Divisional Manager at SBI Life Insurance








George Padavan
BCom 2000 - 03, College Union Chairman 2002 - 2003

# ഓർമ്മകൾക്കെന്തു സുഗന്ധം...

*Date of Reunion: 29 July 2023*

തങ്ങളുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലഘട്ടം ചിലവഴിച്ച ആ മരിയൻ കോളേജിൽ, ആ പഴയ സുഹൃത്തുക്കൾ, 2000-2003 Bcom സഹപാഠികൾ, ഔദ്യോഗികമായി പിരിഞ്ഞു പോന്നതിനു ശേഷം 20 വർഷങ്ങൾ കഴിഞ്ഞ് ഒത്തു ചേർന്നു. വിവിധങ്ങളായ വികാര ഭാവങ്ങളുടെ സംഗമ വേദിയായി മാറി ഈ കൂട്ടായ്മ.

വർഷങ്ങൾക്ക് മുൻപ് തങ്ങൾ ചിലവഴിച്ച ആ ക്യാമ്പസ്, വളർച്ചയുടെ വിവിധ പടവുകൾ താണ്ടി ഇന്ന് എത്തി നിൽക്കുന്ന അവസ്ഥ കണ്ട് അഭിമാനവും അത്ഭുതവും തുടിക്കുന്ന പഴയ വിദ്യാർത്ഥികളുടെ വികാരം ഒന്ന്... തങ്ങളുടെ പഴയ കൂട്ടുകാരിൽ കാലം, വരുത്തിയ വളർച്ചയുടെ നല്ല മാറ്റങ്ങൾ കണ്ട് സന്തോഷം തുടിക്കുന്ന സഹപാഠികളുടെ വികാരം മറ്റൊന്ന്...

വർഷങ്ങൾക്ക് മുൻപ് മുഖത്ത് അങ്ങിങ്ങ് മേൽമീശയും കുറ്റിതാടിയും മാത്രമുണ്ടായിരുന്നവർ, ഇടതൂർന്ന മീശയും താടി രോമങ്ങളുമായി മുൻപിൽ വന്നപ്പോൾ കാഴ്ചയിൽ മറ്റൊരു വികാരം.

മധുരത്തിനൊപ്പം ഇരട്ടി മധുരമെന്നപോലെ ഞങ്ങളുടെ പ്രിയപ്പെട്ട റോയ് അച്ചന്റെ കടന്നുവരവും, മധുരം പങ്കുവയ്ക്കലും ആശംസയുമൊക്കെ നൽകിയ വികാരം മറ്റൊന്ന്...




അങ്ങനെ വിവിധങ്ങളായ വികാര ഭാവങ്ങൾ ഡിഗ്രി കാലയളവ് എല്ലാ വിദ്യാർഥികൾക്കും സുന്ദരകരമായ ഒട്ടേറെ അനുഭവങ്ങളും ഓർമകളുമൊക്കെ സമ്മാനിച്ച ഒരു കാലഘട്ടമായിരുന്നിരിക്കണം, അത് ഏത് ക്യാമ്പസിൽ ആയിരുന്നാലും. അതിന് കാരണമായി ഞാൻ വിശ്വസിക്കുന്നത്, ആ കാലഘട്ടത്തിലെ പ്രായമാണ്. മലയാളത്തിന്റെ പ്രിയ നടൻ മോഹൻലാലിന്റെ ഭാഷയിൽ പറഞ്ഞാൽ "കേൾക്കുന്ന ശബ്ദങ്ങളിൽ എല്ലാം സംഗീതം അനുഭവിക്കാൻ കഴിയുന്ന പ്രായം". Classmates എന്ന സിനിമയിലെ 'കാറ്റാടി തണലും' എന്ന് തുടങ്ങുന്ന ഗാനത്തിലെ ഈരടിപോലെ.....
'ഇനിയില്ലിതുപോലെ സുഖമറിയുന്നൊരു കാലം...'

ചുടുചോര സിരകളിൽ അതിവേഗം ഒഴുകുന്ന പ്രായം, ജീവനുള്ള ആശയങ്ങൾ ചിന്തയിൽ പതഞ്ഞുയരുന്ന പ്രായം, ശരീരവും മനസ്സും ആഗ്രഹിക്കുന്ന സമയത്ത് ആഗ്രഹിക്കുന്ന സ്ഥലത്ത് എത്തിക്കാൻ സാധിക്കുന്ന പ്രായം, കവിയുടെ ഭാവനയിൽ പറഞ്ഞാൽ




കൗമാരത്തിന്റെ കഞ്ചുകത്തിൻമേൽ യൗവനം ചിത്രപണികൾ ചെയ്ത് തുടങ്ങുന്ന പ്രായം...

ഈ മനോഹരമായ കാലഘട്ടം ചിലവഴിക്കാൻ സാധിച്ച ക്യാമ്പസ് എന്നും മനസ്സിൽ വർണ്ണ മഴ പെയ്തുകൊണ്ട് തന്നെ നിൽക്കും. അത് കുട്ടിക്കാനം പോലെ പ്രകൃതി രമണീയമായ സ്ഥലമാകുമ്പോൾ! കോടമഞ്ഞിന്റെയും മന്ദമാരുതന്റെയും സ്പർശനം ഏൽക്കാൻ സാധിക്കുന്ന പ്രദേശമാകുമ്പോൾ.. അതുമല്ലെങ്കിൽ പച്ച നിറത്തിലുള്ള മൊട്ടക്കുന്നുകളുടെ പശ്ചാത്തലമുള്ള ഭൂമിയാകുമ്പോൾ... ആ ഓർമ്മകൾ എന്നും നമ്മുടെ മനസ്സിൽ ഹരിതാഭമായി നിലനിൽക്കും.



ഒന്നും രണ്ടും മൂന്നും വർഷങ്ങളിൽ തങ്ങൾ ഇരുന്ന് പഠിച്ച അതേ ക്ലാസ് റൂമുകളിൽ, അന്ന് ഇരുന്ന അതേ സ്ഥാനങ്ങളിൽ വീണ്ടും പോയിരുന്നപ്പോൾ ഓർമ്മകൾക്ക് കൗമാരത്തിന്റെ വല്ലാത്തൊരു നിറച്ചാർത്ത് കൂട്ടായിവന്നു.



അന്ന് നടന്ന ഇടനാഴികളിലൂടെ നടന്നും, കോളേജിന്റെ പടികളിലൂടെ അന്നത്തെ വേഗതയിൽ ഓടിക്കയറിയും, സൗഹൃദ കൂട്ടായ്മകൾക്ക് സാക്ഷിയായ പുൽത്തകിടിക്ക് സമീപം പോയിരുന്നും, പ്രപഞ്ച  നിയമങ്ങളെ തെറ്റിച്ചോ എന്ന് തോന്നുമാറ് പഴയ  കാലത്തെ തിരിച്ചു പിടിച്ചു.

കോളേജിന്റെ കോൺഫറൻസ് ഹാളിൽ ചുറ്റുമിരുന്ന് ആദ്യമായി  മരിയന്റെ



അങ്കണത്തിൽ കാൽ വച്ച നാൾമുതൽ പിരിഞ്ഞു പോരുന്നിടം വരെയുള്ള ഓർമ്മകൾ ഓരോരുത്തരും പങ്കുവെച്ചു. ഓർമകളുടെ  വിശാലമായ സമതലത്തിൽ കോറിയിട്ട ചിത്രങ്ങളും, സ്വരങ്ങളും, അനുഭവങ്ങളും...

ഉച്ച ഭക്ഷണത്തിനു ശേഷം സഹപാഠികളുടെ മക്കളുടെ കലാവിരുന്നും ആസ്വദിച്ചു, തബലയും ഡാൻസുമൊക്കെയായി...

ഇത്തരമൊരു സംഗമം യാഥാർഥ്യമാക്കുവാൻ അനുവാദം തന്ന കോളേജ് മാനേജ്മെന്റനും, ഇതിന് മുൻകൈയെടുത്ത് പ്രവർത്തിച്ച ലിലിൻ, അഞ്ചു, അനീറ്റ, നെൽസൻ, ദിപീഷ് തുടങ്ങിയ കൂട്ടുകാർക്കും നന്ദി പറയുന്നു.

ഓർമ്മകൾ ഉറങ്ങുന്ന ഈ  കലാലയത്തിൽ വീണ്ടുമൊരു കൂടിച്ചേരൽ ജഗദീശ്വരൻ അനുവദിക്കുമെങ്കിൽ അന്ന് നാമെല്ലാവരും, ആത്മീയതയുടെ കാര്യത്തിലായാലും, ആരോഗ്യത്തിന്റെ കാര്യത്തിലായാലും, വൈകാരികതയുടെ  കാര്യത്തിലായാലും അറിവിന്റെ കാര്യത്തിലായാലും,... ഇന്നുള്ളതിൽ നിന്നും മികച്ച  തലത്തിൽ, വീണ്ടും കണ്ടുമുട്ടുവാൻ ഇടവരട്ടെ എന്ന് പ്രാർത്ഥിക്കുന്നു...







മരിയന്റെ ഓർമ്മകളിൽ കണ്ണീരുകൊണ്ട് എഴുതിയ പേരാണ്  'നിതിൻ ഹെന്ററി' യുടേത്. ഏതാനും മാസമേ കൂടെ ഉണ്ടായിരുന്നുള്ളുവെങ്കിലും, ഇടപഴകിയ എല്ലാവരുടെയും മനസ്സിന്റെ ആഴങ്ങളിൽ ഇറങ്ങുവാൻ സാധിച്ച കൂട്ടുകാരൻ. ഏത് കൂട്ടായ്മകളിലും വേഗത്തിൽ ഇഴുകിച്ചേരുന്ന പ്രകൃതം. അല്ലെങ്കിലും കാല ദൈർഘ്യം അല്ലല്ലോ ബന്ധത്തിന്റെ ആഴം അളക്കുന്നത്..  മരണത്താൽ നമ്മിൽ നിന്ന് വേർപിരിഞ്ഞ (30/07/2020) പ്രിയ കൂട്ടുകാരന്റെ ഓർമ്മകൾക്ക് മുൻപിൽ കൂപ്പുകൈ.. 🙏🌹
















# Certified for Impact: Ananthakrishnan's Rural Development CSR Expertise

*Ananthakrishnan Prezadu (MSW 2015 - 17)*

MAAK extends its heartfelt congratulations to Ananthakrishnan for achieving certification from the esteemed National Institute of Rural Development & Panchayati Raj, Hyderabad - Telangana. His certification in 'Approaches to Strengthen Corporate Social Responsibility Activities for Effective Rural Development Programs' has been acknowledged with great appreciation.

# Orientation on Community Development

On 10 July 2023, he visited Marian campus and interacted with the MSW students.

Ananthakrishnan is working as the Advocacy Manager at American India Foundation.





# Key Insights from K Thomas, WHO

## *10 Questions with the Project Management Officer*

*& an alumni of Marian's BCom first batch (1995 - 98)*

*(Read the first part of the interview from the previous edition of MAAK BOOK)*

**Q. What strategies or resources did you find helpful in improving your skills and knowledge in your chosen field?**

"Live as if you were to die tomorrow; learn as if you were to live forever" - Mahatma Gandhi

Job related and aspiring learning and development plan with systematic and periodic review is the key strategy. Periodically I do identify the areas where I need to focus to become more effective or adaptive for future opportunities. I do utilize the tools and resources like self-study, distance learning, peer group or team learning, on the job learning and possible external/academic programmes.

**Q. How do you think you can contribute to the alumni association?**

I will actively participate in alumni activities and offer my experience and contributions wherever required. It's a privilege to contribute to this alumni, being an alumnus greatly benefitted from this institution. When anyone is aiming for position in international organizations, I can share my experiences and guide through the process.

**Q. We have students joining our college from different backgrounds these days. Any word of advice for them ? Or to alumni who are spread across the world ?**

If you are/were at Marian, you will definitely made benefit out of it. When at this great academic institution, our primary commitment should be academic studies and intentionally choose to make the most of your classes and assignments. Define your goals and manage your time. There can be moments of a spark or an insight or connection that can define our performance goals and fuel our motivation for mastering in an interesting area through in-depth studies. The new generation may not be facing adverse challenges as we faced during our childhood days. While you have the best IQ and EQ, check on your ability to maintain composure when confronting challenges. Consciously check on your adversity quotient (AQ) while confronting challenges independently. The new world is evolving every day with greater opportunities and challenges. For example, we are not sure what would be the impact of AI, what proportion of human interventions will be automated. We need to be agile and resilient to face difficulties effectively and to take advantage of opportunities. Learn new languages using AI based online tools and be prepared for the global opportunities. Success is a byproduct of collaboration, not an output of individual efforts. Recognize that relationships matter, social integration or a sense of connection and belonging is essential for being successful. When we are overwhelmed or stressed, having trusted connections available to provide support can boost up our confidence. Our colleagues can be the best mentors as they will be able to relate, family and elders may not be the solution always, there can be a disconnect from what we are going through.

Strengthened alumni network can benefit everyone, especially to tap new opportunities or to implement great ideas or even during uncertainties like COVID and other global issues. Get to know a wide range of people with distinct experience, skills, ideas, and perspectives. The network can become an effective support system for mutual learning, mutual care and even to inspire and make great collaborations and venturing. Digital visibility of Marian alumni can also boost up the stature of our institution, which in turn can benefit each alumnus. Also, the alumnus may share our learnings, experience, and skills with Marian for the benefit of the future leaders of the world shaping up at Marian.



**Q. Can you share some insights into what students/freshers should do or aim for in order to join an organization like WHO**

To join international organizations, learn about different organizations and their missions and identify the ones that align with your skills, interests and career goals. Keep an eye on the official websites and career portals, most agencies allow candidates to register CV on their career portals and also for automated alerts for interested positions. A well-presented CV with a cover letter precisely explaining the motivation, suitability for the given position, how we are aligned with the organizational mission are some of the key points when applying for positions with international organizations.

Some experiences with national organizations not for profit will also give an edge. It is generally considered hard to get a job at UN agencies for several main reasons: language skills requirements, high competition, specific experience, and a rigorous selection process etc. but due to the same reasons it is possible to become an international civil servant if you keep up the focus and perseverance. Key requirement for an entry into UN system is language proficiency. UN official languages are Arabic, Chinese, English, French, Russian and Spanish. There are many ways to get into a UN agency, with diverging requirements (details are available on respective websites).

- Internship: UN internship programmes offers a wide rage of opportunities for students and freshers. The UN Internship Programme is the option that demands the lowest entry requirements. Those who are above 25 years and pursuing your studies or just finished the studies can apply for an internship. Though the interns are not remunerated, there is a possibility to receive a living allowance in addition to medical and accident insurance coverage. But, this experience will help the candidates to get a broader perspective that can open up to other opportunities.

- Volunteering: A second entry opportunity that comes close to an internship is the United Nations Volunteers (UNV) programme. To be eligible, you need to be a graduate with few years of experience.

- Temporary Staff: Temporary contracts are limited to a year or less and are designed to attract already experienced candidates. But these positions can be extended as per needs.

- Regular Staff: This is the most direct way to become and international civil servant. The categories include international and national professional officers, national administrative staff, field personnel and leadership level positions.

  But any of the permanent posts assumes that you have several years of experience behind you, with appropriate qualifications and language skills.

  In case of national level positions (both temporary and regular), the requirements are less — but those can lead to international positions eventually.

- Translators and editors: To become an interpreter at the UN, you need to know perfectly 3 of the 6 official languages.


- Junior Professionals Program: The Junior Professional Officer (JPO) Programme offers another opportunity for entering the UN system, however JPO positions are sponsored by respective national government and we can only apply when India is a participant country and when any other country is sponsoring Indian nationals. And the maximum age limit is 32 years.

- Consultants: Consultancy contracts are offered to individuals to perform specific tasks in a given time frame

- Special Service Agreements: It's a non-staff contract and can be for technical or administrative support functions


- Outsourced Agencies: There are projects implemented through outsourced agencies. Working for such projects gives an edge for an entry into the system

Generally, a direct entry as a regular staff is not easy. Most of the staff enter through other opportunities and later compete for staff positions with an edge. Such opportunities can provide valuable experience, exposure to the organizations works, and increase your chances of securing a regular job. I became an International Professional at WHO after going through some of these stages, joined on a Special Service Agreement, then a Temporary Appointment and then a National Staff.



# Marian Chronicles

Looking back into the 1990's time period of our college, Here comes two of our alumni who have witnessed the remarkable changes and achievements of our institution from the beginning. These stories reflect the diversity, excellence and spirit of our alumni community, and we hope they inspire you to reconnect with your alma mater and fellow alumni.



**Bijesh Joseph**
BCA 1996 - 99

Senior IT Analyst,
Forensic & Analytical
Science Service
NSW Health, Australia

# ഞാൻ കണ്ട കുട്ടിക്കാനം

എന്നെ ഇന്നത്തെ ഞാൻ ആക്കാൻ വലിയ പങ്കു വഹിച്ച എൻെറ കുട്ടിക്കാനത്തിനെ കുറിച്ചുള്ള കുറച്ചു നല്ല നല്ല ഓർമ്മകൾ പൊടിപ്പും തൊങ്ങലും വച്ച് കുറെ നർമ്മത്തിൽ പൊതിഞ്ഞു ആസ്വാദകരമായ രീതിയിൽ അവതരിപ്പിക്കാൻ ഉള്ള ഒരു വിഫല ശ്രമമാണ്. ഇതിലെ കഥാ പാത്രങ്ങൾ തികച്ചും സാങ്കൽപ്പികം മാത്രമാണെന്നും ആരോടെങ്കിലും സാദൃശ്യം തോന്നിയാൽ തികച്ചും യാദൃശ്ചികം ആയിരിക്കും എന്ന മുൻകൂർ ജാമ്യത്തോടേ എന്റെ കഥ തുടങ്ങട്ടെ.

ആരെയും മനഃപൂർവം വേദനിപ്പിക്കാനോ ദ്രോഹിക്കാനോ ഒരു ഉദ്ദേശവുമില്ല ഇതിൽ, ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അത് നിങ്ങളുടെ വിധി എന്നോർത്ത് സമാധാനിക്കാൻ ഒരു എളിയ അപേക്ഷ.

കുട്ടിക്കാനം എന്നോർക്കുമ്പോൾ തന്നെ തൂവാനതുമ്പികളിലേ 'ക്ലാര' ആ ഒരു റൊമാന്റിക് ഫീൽ ആണ് എല്ലാവർക്കും തന്നെ കിട്ടുക.

അവിടുത്തെ തണുത്ത കാറ്റും കോട മഞ്ഞും ചാറ്റൽ മഴയും ഒക്കെ കൂടുമ്പോൾ കിട്ടണ ഒരു ഫീൽ ഉണ്ടല്ലോ എന്റെ സാറേ പിന്നെ ചുറ്റിനുള്ളതൊന്നും കാണാൻ സാധിക്കില്ല ആ ഒരു വൈബ് ആണ് അന്ന്.

പ്രീഡിഗ്രി കഴിഞ്ഞു ഉപരിപഠനത്തിനു എന്ത് ചെയ്യും എന്നോർത്ത് തല പുണ്ണാക്കി ഇരിക്കുമ്പോളാണ് ദൈവദൂതനേപ്പോലെ എൻെറ കൂട്ടുകാരനിൽ നിന്നും കുട്ടിക്കാനം മരിയൻ കോളേജിനേ കുറിച്ചറിഞ്ഞു അഡ്മിഷൻ ആയി എത്തിയത്.

അവിടേക്കുള്ള യാത്ര തന്നെ ഭീതി ഉളവാക്കണതായിരുന്നു. തല കീഴായി മറിഞ്ഞു കിടക്കണ തമിൾനാട് ബസ് കണ്ടപ്പോൾ തന്നെ തിരിച്ചു പൊന്നാലോ എന്നൊരു തോന്നൽ ഉള്ളിൽ തുടങ്ങി, എങ്കിലും ധൈര്യം സംഭരിച്ചു കുട്ടിക്കാനം കവലയിൽ ഇറങ്ങിയപ്പോൾ തന്നെ തോന്നി ഇതാണ് 'ഇനി എൻെറ കളം'. ആരാധനാ ഹോട്ടലിലെ പറോട്ടയും മുട്ട കറിയും കൂടി ആയപ്പോൾ ആ തീരുമാനം ഊട്ടി ഉറപ്പിച്ചു. ഈ ബുദ്ധി പണ്ടേ തോന്നിയില്ലല്ലോ എന്നൊരു തോന്നൽ.

അഡ്മിഷൻ ഒക്കെ എടുത്തു ഹോസ്റ്റലിൽ ചെന്നപ്പോളാണ് പച്ചയായ ജീവിതത്തിന്റെ രുചി അറിഞ്ഞു തുടങ്ങിയത്. ആദ്യമായി വീട് വിട്ടു മാറി നിൽക്കുന്നതിന്റെ പരിഭ്രമം തെല്ലും പുറത്തു കാണിക്കാതെ പച്ച പരിഷ്കാരികളോടും പക്കാ ഗ്രാമവാസിസിനോടും കൊണ്ടും കൊടുത്തും എന്റെ ലോകം തുടങ്ങുകയായീ. ഗ്രൗണ്ട് ഫ്ലോറിൽ ഹോസ്റ്റലും ഫസ്റ്റ് ഫ്ലോറിൽ ക്ലാസും എന്ന



ഒരു സ്വപ്നലോകത്തു കൂടി ആണ് പിന്നീടുള്ള യാത്ര.

ഹോസ്റ്റലിൽ  നിന്നും മെസ്സിൽ ഡിന്നർ കഴിക്കാൻ പോകുമ്പോൾ നമ്മളെ പ്രതീക്ഷിച്ചു ഉലാത്തി കൊണ്ടിരിക്കണ പീറ്റർ പുളിവേലിൽ അച്ചൻ ഇന്നും മങ്ങാതെ മായാതേ നമ്മുടെ മനസ്സിൽ കാണും എന്ന് എനിക്കുറപ്പാണ്.

അച്ചന്റെ വീര സാഹസിക കഥകൾ അണുവിട  വിടാതെ കേട്ടു അങ്ങനെ ഒക്കെ ഒരു നാൾ ആയി തീരണം എന്ന് തീരുമാനിച്ചു ഉറപ്പിച്ച നമ്മുടെ ഒരു കൂട്ടുകാരനേ ഈ  നിമിഷം ഓർമിക്കാതിരിക്കാൻ തരമില്ല.

വീട്ടിൽ പോയിട്ട് പ്രത്യേകിച്ചു ഒന്നും ചെയ്യാനില്ലാത്തവരും ദൂരെ ഉള്ളവരും മിക്കവാറും ഹോസ്റ്റലിൽ കാണും വീക്കെൻഡ്സ്, അപ്പോളാണ് ശരിക്കും രസം. ക്ലാസ് ഇല്ല ചുമ്മാ ചുറ്റി തിരിഞ്ഞു മുട്ട കുന്നുകളും മലമടക്കുകളും കീഴടക്കി പീലിക്കുന്ന്, അമ്മച്ചി കൊട്ടാരം ഒക്കെ കയറി ഇറങ്ങി നടന്നു ജീവിതം എന്ജോയ് ചെയത സുന്ദര മുഹൂർത്തകൾ  ഒരിക്കലും മറക്കാനാവില്ല.



ഇനി അല്പം സീരിയസ് ടോപിക്കിലേക്കു കടക്കാം, നമ്മുടെ ക്ലാസ് റൂം വളരേ അച്ചടക്കത്തോടും മര്യാദയോടും കൂടി ഇരുന്നു പഠിക്കാൻ ഒരു ബാച്ച് അതാരുന്നല്ലോ നമ്മളെ കുറിച്ച് പൊതുവേ ഉള്ള ഒരു കാഴ്ചപാട്, അല്ല സത്യവും അത് തന്നെ. കുറെ  മിടുക്കന്മാരുടെയും മിടുക്കികളുടെയും  ഒരു കൂട്ടായ്മാ എന്ന് തന്നെ വിശേഷിപ്പിക്കണതാവും ഉത്തമം. അതിനു ഒരു അപവാദം എന്ന് പറയാൻ ഒരു സംഭവം ഓർമ്മ വരാൻ  - നന്നായി പഠിച്ചു കൊണ്ടിരുന്ന ഒരു ഫ്രണ്ടിനേ ശല്യ പെടുത്തിയ ക്ലാസ്സിലെ ഒരു ഉഴപ്പൻ പയ്യനെ ബ്രദർ കയ്യോടെ പിടികൂടി ശകാരിക്കുകയും പഠിക്കാൻ താല്പര്യം ഇല്ലേൽ പുറത്തു പോകാം എന്ന് ഉപദേശിക്കയും ചെയ്തു. അത്ഭുതം എന്ന് പറയട്ടെ ആ ഉഴപ്പാണ് പയ്യൻ പിന്നീട് നന്നാവുകയും  നമ്മുടെ ബാച്ചിൽ നിന്ന് റാങ്ക് എന്തൊക്കെയോ കിട്ടിയ ചരിത്രവും നമുക്ക് അഭിമാനിക്കാനുള്ള വകയാണ്.

ആദ്യമായി കമ്പ്യൂട്ടർ ലാബിൽ കയറിയപ്പോൾ ഉള്ള പിള്ളേരുടെ പെരുമാറ്റം കണ്ടാൽ ഗ്രഹണി പിടിച്ച പിള്ളേർ ചക്ക പുഴുക്ക് കണ്ടപോലേ എന്ന് പറഞ്ഞാലും ഒട്ടും അതിശയോക്തി ഉണ്ടാവാൻ ഇടയില്ല. മൂന്നു നാലു തവണ കീബോർഡ്  മാറി  മാറി നോക്കിയിട്ടും 'Z' key കണ്ടുപിടിക്കാൻ പറ്റാഞ്ഞിട്ടു കോഴ്‌സ് മാറാൻ ശ്രമിച്ച ഒരു വിരുത്തനേം  ഇതിനേ ഒക്കെ പഠിപ്പിക്കേണ്ടി വരുവല്ലോ എന്ന ധർമ്മ സങ്കടത്തിൽ നിന്ന ടീച്ചറിനേയും ഈ  അവസരത്തിൽ മറക്കാൻ പറ്റണില്ല.

പാഠ്യേതര വിഷയങ്ങളിലേ  നമ്മുടെ ബാച്ചിൻെറ നൈപുണ്യവും എടുത്തു പറയേണ്ടതാണ്. പൂ പോലും ഇല്ലാതേ പൂക്കളം ഇട്ടു ഫസ്റ്റ് മേടിച്ചതും, ഇഷ്ടം പോലെ ബോൾ ഉണ്ടായിരുന്നിട്ടും ലാസ്റ് ബോൾ സിക്സ് അടിച്ചു കളി ജയിപ്പിച്ച നമ്മുടേ ധോണിയും ഓക്കേ നമ്മുടെ സ്വകാര്യ അഹങ്കാരമായിരുന്നു.

അമല ഹോസ്റ്റലിനോടുള്ള നമ്മുടെ കരുതലും സ്നേഹവും ചില ഘട്ടങ്ങളിൽ അവരേപ്പോലും അതിശയിപ്പിച്ചു എന്ന്

പറഞ്ഞാൽ അവർ പോലും സമ്മതിച്ചു തരാതിരിക്കില്ല എന്ന ഒരു കാര്യവും നമ്മൾ വിസ്മരിച്ചു  കൂടാ.

ഒരു കുടുംബം പോലെ ഒറ്റ കെട്ടായി നല്ല ടീച്ചേഴ്സിൻെറ ശിക്ഷണത്തിൽ നാമെല്ലാരും ഒരുമിച്ചു ജീവിച്ചു പഠിച്ചു കൊതി തീരാത്ത എന്നും നല്ല ഓർമ്മകൾ മാത്രം സമ്മാനിച്ച ഒരു കലാലയ ജീവിതമായിരുന്നു നമ്മുടെ കുട്ടിക്കാനം മരിയൻ കോളേജ് സമ്മാനിച്ചത്.





നല്ല കുട്ടികളും അതിനേക്കാൾ നല്ല ടീച്ചേഴ്സും; ഇതൊക്കെ ആണ് നമ്മുടെ ഒരു വിജയ ഫോർമുല എന്ന് ഉറപ്പിച്ചു പറയാൻ സാധിക്കും.

നമ്മുടെ എല്ലാ ഗുരുക്കന്മാരേയും സ്നേഹാദരവോടെ ഓർമിച്ചു കൊണ്ടും, നമ്മളിൽ നിന്നും അകാലത്തിൽ വേർപിരിഞ്ഞു  പോയ നമ്മുടെ സഹോദരങ്ങളെ പ്രാർത്ഥനയിൽ  സ്മരിച്ചു കൊണ്ടും എല്ലാവർക്കും നന്മകൾ മാത്രം വരുത്തണേ എന്ന പ്രാർഥനയോടെ തല്ക്കാലം നിർത്തട്ടെ.





Sojy J Panoor
BCA 1996 - 99

Technical Head and Solutions architect , European Dynamics, Bangalore

# 96-99 - ഒരു ഓർമ്മക്കുറിപ്പ്

അതൊരു ജൂൺ മാസമായിരുന്നു. ഞാൻ എല്ലാ കാലവും ഇഷ്ടപ്പെടുന്ന ജീവിതത്തിലെ നല്ല തീരുമാനങ്ങൾ എടുക്കുന്ന ഒരു മാസം. കൂടുതലായും പുതിയ അധ്യായന വർഷം പുതിയ പുസ്തകങ്ങൾ പുതിയ ടീച്ചേഴ്സ് പുതിയ കൂട്ടുകാർ പുതിയ പഠന തീരുമാനങ്ങൾ… അങ്ങനെ പ്രിയപ്പെട്ട ജൂൺ മാസത്തിൽ ആദ്യമായി പ്രിയ കൂട്ടുകാരിക്കൊപ്പം കുട്ടിക്കാനത്ത് വന്നിറങ്ങി. മഴക്കാലത്താണ് കുട്ടിക്കാനം ഏറ്റവും ഹൃദയസ്പർശിയായി എനിക്ക് തോന്നിയിരുന്നത്. മഴയും കോടയും മത്സരിച്ച് നമുക്ക് ചുറ്റുമുള്ള ലോകം തന്നെ ഇല്ലാതാക്കുന്നു. തൊട്ടടുത്ത് നിൽക്കുന്ന ആളെ പോലും ശബ്ദത്താൽ മാത്രം തിരിച്ചറിഞ്ഞിരുന്ന മഞ്ഞു പുതഞ്ഞ കുട്ടിക്കാനം. ഹോസ്റ്റലിൽ വന്നെത്തിയ ഞങ്ങൾ കൂട്ടുകാരെ തപ്പിയെടുക്കുന്ന തിരക്കിലായിരുന്നു. ആദ്യമായി വീടുവിട്ടു വന്ന സങ്കടമൊക്കെ കൂട്ടുകാരെ കിട്ടിയപ്പോൾ മാറി തുടങ്ങിയിരുന്നു. രാവിലെ കുളിച്ചു ഒരുങ്ങി യൂണിഫോം ഒക്കെ ഇട്ട് മഴയിലും കോടയിലും കോളേജിൽ എത്താൻ നന്നേ കഷ്ടപ്പെട്ടു. പഴയ ഓഡിറ്റോറിയത്തിന് മുൻപിലുള്ള ഒരു പഴയ സ്റ്റോറും ആയിരുന്നു ഞങ്ങളുടെ BCA ക്ലാസ് റൂം. നനഞ്ഞ കോഴിയെപ്പോലെ തണുത്ത് വിറച്ച് ഹോസ്റ്റലിൽ നിന്ന് ഒരുങ്ങി ഇറങ്ങിയ പ്രതാപമൊക്കെ പോയെങ്കിലും ദൈവാനുഗ്രഹത്താൽ ഒരു ലാസ്റ്റ് ബെഞ്ച് ഒത്തു കിട്ടി. ദൈവദൂതനെ പോലെ ടിപ്ടോപ്പായി ആദ്യം ക്ലാസിൽ വന്ന സാബു സാർ അറ്റൻഡൻസ് എടുത്ത് എൻ്റെ പേര് വിളിച്ചിട്ട് ഒരു ചോദ്യം 'ഇവിടെയും വന്നു അല്ലേ' എന്ന്. ആ തണുപ്പിലും ഒന്നു വിയർത്തു. എല്ലാവരും എന്തിന് ഇങ്ങോട്ട് വന്നത് എന്ന രീതിയിൽ എന്നെ നോക്കി തുടങ്ങി. ഞാൻ പോലും വരേണ്ടിയിരുന്നില്ല എന്ന് ഓർത്തു. ക്ലാസ്സ് കഴിഞ്ഞ് ഇറങ്ങാൻ നേരം പുള്ളിക്കാരൻ പറഞ്ഞു. വീട്ടിലുള്ള ഭാര്യയുടെ പേരും ഇതുതന്നെയാണ്. ഒരു സമാധാനത്തിന് കോളേജിൽ വന്നതാണെന്ന്. ക്ലാസ് മൊത്തം വളരെ സന്തോഷത്തോടെ ഏറ്റെടുത്തപ്പോഴാണ് ഒരു മനസ്സമാധാനമായത്.

കമ്പ്യൂട്ടർ ലാബിൽ പോയി അതൊന്ന് ഓൺ ചെയ്യുവാൻ സ്വിച്ച് കണ്ടുപിടിക്കാൻ കഷ്ടപ്പെട്ടതും, കമ്പ്യൂട്ടർ ക്ലാസിൽ കടന്നുവരുന്ന രാജി മിസ്സിനെ പേടിയോടെ നോക്കി മിസ്സിൻ്റെ കണ്ണിൽ പെടാതെ മറഞ്ഞിരിക്കുന്നതും, മിസ്സ് ചോദിച്ച ഒരു ചോദ്യത്തിനു പോലും ആ മൂന്നു വർഷത്തിനുള്ളിൽ മര്യാദയ്ക്ക് ഉത്തരം പറയാൻ സാധിക്കാതിരുന്നതും ഇപ്പോൾ പോലും രാജി മിസ്സിനെ കാണുമ്പോൾ എന്തെങ്കിലും ചോദിക്കുമോ എന്ന പേടി വരെ ഈ പിഞ്ചുമനസ്സിൽ ഉളവാക്കി. ഇത് പറഞ്ഞത് കേട്ട് രാജി മിസ്സ് കഴിഞ്ഞ കൂടിക്കാഴ്ചയിൽ കുറെ ചിരിച്ചു. അപ്പോഴാണ് ഞാൻ മാത്രമല്ല, ഇതുപോലെ ഉത്തരം പറയാത്ത ധാരാളം പേരിൽ



ഒരാൾ മാത്രമാണ് ഞാൻ എന്ന് മനസ്സിലായത്. സീനിയേഴ്സിന്റെ ക്ലാസ്സിൽ സംഭവിച്ചത് പോലെ നല്ലൊരു മഴക്കാലത്ത് മാക്സ് ക്ലാസ് കൊടുമ്പിരി കൊണ്ടിരുന്ന സമയത്ത് കാറ്റിൽ ആസ്ബറ്റോസ് ഇട്ട മേൽക്കൂര പറന്നു പോവുകയും ആദ്യം ഓടിയ സാബു സാറിൻറെ പിന്നാലെ പുസ്തകങ്ങളും എടുത്ത് ഓഡിറ്റോറിയത്തിൽ ഓടി കയറിയതിന്റെ മധുര സ്മരണ.



അമല ഹോസ്റ്റലിലെ സിസ്റ്റർ വേറോനിക്കയുടെ നേതൃത്വത്തിലുള്ള 'ക്രമീകരണത്തിനും സമഗ്ര വികസനത്തിനുള്ള' സായാഹ്ന ക്ലാസുകൾ, പ്രോജക്ട് വർക്കിന്റെ പേര് പറഞ്ഞ് ഇൻഡിപെൻഡൻസ് ഡേ സിനിമ കാണാൻ കാഞ്ഞിരപ്പള്ളിയിൽ പോയതും തിരിച്ചുവന്നപ്പോൾ നോട്സ് ഇല്ലാത്തതിനാൽ സിസ്റ്റർ പൊക്കിയതും, മുണ്ടക്കയത്ത് നടന്ന വർഷോപ്പിൽ പങ്കെടുക്കാതെ സിസ്റ്റർ ഇറ്റാലിയയുടെ പിന്തുണയോടെ കാഞ്ഞിരപ്പള്ളി ഗ്രാൻഡ് ഓപ്പേറയിൽ പോയതും, ഡാൻസിനായി ഒരു കുടം തപ്പി വീടെന്ന് കരുതി IHRD ബോയ്സ് പീജിയയിൽ എത്തിയതും, കുടമില്ല ബക്കറ്റ് മതിയോ എന്ന് ചോദ്യം കേട്ട് ഒറ്റ ഓട്ടത്തിന് ഹോസ്റ്റലിൽ എത്തിയതും, കോളേജ് ഇനാഗുറേഷനോടനുബന്ധിച്ചുള്ള മൈക്കാട് പണിയെടുത്ത് തളർന്ന് ആകെ കയ്യിലുള്ള 100 രൂപയുമായി തൃശങ്കു ഹെവൻ സ്റ്റാർ റേറ്റഡ് ഹോട്ടലിൽ അഞ്ച് പേർ ചേർന്ന് ഫുഡ് കഴിക്കാൻ പോയതും മൂന്നു നാരങ്ങാവെള്ളവും പത്ത് രൂപ ടിപ്പും കൊടുത്ത് അന്തസ്സായി ഇറങ്ങിപ്പോന്നതും മനസ്സിൽ തെളിഞ്ഞു നിൽക്കുന്നു.





ആരാധനയിലെ പരിപ്പുവടയും പഴംപൊരിയും മിസ്റ്റി മൗണ്ടനിലെ ഫ്രൈഡ് റൈസും ചില്ലി ചിക്കനും കെ ടി ഡി സി യിലെ പൊറോട്ടയും ബീഫും, പീരുമേട് അമ്പലത്തിൽ പോയി വരുന്നവരെ കൊണ്ട് ഓരോ റൂമിലേക്കും വരുത്തിക്കുന്ന ഫുഡ് പാഴ്സൽസ്, അവധി ദിവസങ്ങളിൽ കണ്ടിരിക്കൽ മോട്ടേഴ്സ് തൊടുപുഴയിൽ നിന്ന് കൊടുത്തു വിടുന്ന ഹോംലി ഫുഡ്.. ഇതിനെല്ലാം ഉപരി ഉച്ചയ്ക്ക് ഹോസ്റ്റലിൽ എത്തുമ്പോൾ പ്ലേറ്റിൽ ഒരു ഇണ കിട്ടാതെ ഒറ്റയ്ക്ക് നമ്മെ കാത്തിരിക്കുന്ന ലോകത്തിലെ തന്നെ ഏറ്റവും ചെറിയ ചാള വറുത്തത്. റെക്രിയേഷൻ ടൈമിൽ ആളുകളുടെ എണ്ണം അനുസരിച്ച് പത്രപേപ്പറിൽ മിക്സ്ചർ എണ്ണി വിളമ്പിയതും, ബ്രെഡും ജാമും പുരട്ടി

വിതരണം ചെയ്യുവാനുള്ള ടീം ഉണ്ടാക്കിയതും, സ്റ്റഡി ടൈമിൽ ലൈറ്റ് ഓഫ് ചെയ്തു ഇലക്ട്രിസിറ്റി സേവ് ചെയ്തതിന് വഴക്ക് കേട്ടതും, സ്റ്റഡി ടൈമിൽ കൂട്ടുകാർക്ക് കൊടുക്കാതെ പഴം കഴിച്ചതിന് വാർഡൻ റൂമിൽ നിന്ന് ഇറക്കി വിട്ടതും, വാർഡനെ കണ്ട് പഴം കട്ടിലിന് താഴേക്ക് എറിഞ്ഞു രക്ഷപ്പെട്ട കൂട്ടുകാരെയും സ്നേഹത്തോടെ ഓർക്കുന്നു.









പഠനത്തോടൊപ്പം കലാകായിക ഇനങ്ങൾക്ക് തുല്യത കൊടുത്തിരുന്നുവെങ്കിലും യൂണിവേഴ്സിറ്റി റാങ്കുകൾ കൈക്കലാക്കാൻ മൂന്നു ബാച്ചിനും കഴിഞ്ഞിരുന്നു. കാലമിത്ര കഴിഞ്ഞിട്ടും നമ്മുടെ ചങ്കോട് ചേർന്ന് നിൽക്കുന്ന സൗഹൃദങ്ങൾ മിക്കതും ഈ കലാലയത്തോടെ ചേർന്നുണ്ടായതാണ്. കോടമഞ്ഞും ശീത കാറ്റും പോലെ തന്നെ മനസ്സിൽ നിൽക്കണതാണ് ബുധനാഴ്ചകളിലെ കാള കുളമ്പടിയും അതിനോട് തുടർന്നുണ്ടായ വഴക്കുകളും അസ്വസ്ഥതകളും. ഞങ്ങളുടെ എല്ലാം ചെല്ലക്കുട്ടിയായ ജയമോളുടെ അകാല വിയോഗത്തിൽ കണ്ണീർ പൂക്കൾ അർപ്പിച്ചുകൊണ്ട് ഒത്തിരി സ്നേഹത്തോടെ ഒത്തിരി ഇഷ്ടത്തോടെ ഓർമ്മകളുടെ ഭാണ്ഡപ്പെട്ടി കൂടുതൽ വീര്യത്തിനായി കെട്ടിപ്പൊത്തി വെക്കുന്നു.

# A Journey Through Colours

*The Joy of Plan B in Life*

Hi, I'm Parvathy Chandran, an alumna of BCA 2001 - 04 batch from Marian, and I work as an Operations Manager for a Mortgage Consultancy in Dubai.

My world of colors began when I was in school. My first art teachers were my Father and Mother. Then, my two older sisters also helped me out. Now, my biggest supporter and cheerleader for the show is my life partner Mr. Sreejith S Nair, who came up with my pen name **Sreeparvathy**.

I was never into art competitions when I was a student, but I got lucky to design and make the stage décor for Marian College representing Amala Hostel Day in 2002 - 03.



All my art experiments used to be in our college records and seminar presentations.

But life has a way of surprising you and reminding you of your true passion. About 10 years ago, when I baked my first cake, I discovered art in cooking, baking, stitching. I would bake cakes for every occasion to try out my designs. I grew with my little artists, my sweet girls at home. This is a new life at early 40's where I'm embracing the real "Me".



I'm ever grateful to my teachers, mentors and all those who inspire me to think positively and have a Plan B that brings me more joy in life. That's what I call 'Joy of Colours' in my life.

I'm currently learning new skills in Kerala Mural Art in Dubai and I hope this will bring me more joy and success. *This is the joy of 'Plan B' in your life.*

















On 28 July, we, Marianites@Cochin gathered to celebrate the birthdays of Marianites who were born in June and July! We enjoyed some delicious food reconnected with long lost friends shared ideas and plans for future meetups.

# Sijo Jacob

*Left to Heavenly abode on 26 July 2023. Funeral took place on 27 July at Infant Jesus Church, Elikkulam, Kanjirappally*



*It is with heavy hearts and profound sadness that the Marian Alumni Association mourns the passing of our dear alumnus, Sijo Jacob who belonged to the BCA batch of 1997 - 00.*

*Marian Alumni Association Kuttikkanam extends its deepest condolences to Sijo's family and friends during this difficult time. We stand together in grief, cherishing the memories of a remarkable soul who made this world a better place.*

*May his soul rest in eternal peace.*



An intriguing story behind our cover image:

During a beautiful Onam celebration in 1996, fresh batch of BCA students took part in an 'Athapookalam' competition. Despite having fewer flowers and resources, they clinched the top prize by captivating the judges with their skillful storytelling and engaging presentation.

*Our newsletter's cover image is a stunning way to catch the eye. We want it to stand out with amazing cover images for each edition. If you have any high quality images or artworks that can be used as cover images for our upcoming editions, please send them to us - alumni@mcka.in. We appreciate your creativity and contribution.*

We love to hear from our alumni and share their stories in MAAK BOOK. This newsletter is just a glimpse of the amazing things they are doing around the world. Whether you have achieved something remarkable, met up with old friends, found some nostalgic photos, or have some insights to share, we want to know. Please contact us if you want to contribute to our future editions and make this newsletter more valuable.

alumni@mcka.in

The August edition will be released on 2nd September, Saturday.

*For private circulation among the Alumni, Students and Faculty of Marian College Kuttikkanam (Autonomous).*